മറത്തിപ്പാറയിൽ വൈദ്യുതീകരണം നടത്തണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം

967 [1556] ശ്രീ. വി.ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മീനച്ചിൽ താലൂക്കിലുള്ള മറത്തിപ്പാറ നിവാസികളിൽ നിന്നും റൂറൽ ഇലക്ട്രിഫിക്കേഷൻ സ്കീമിൽപ്പെടുത്തി വൈദ്യുതീകരണം നടത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനം ഗവൺമെൻറിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) വിദ്യുച്ഛക്തി ബോർഡിന് ലഭിച്ചിട്ടുണ്ട്.

(ബി) മേപ്പടി നിവേദനത്തെപ്പറ്റി വിശദമായ ഇൻവെസ്റ്റിഗേഷൻ നടത്തിവരുന്നു.

ഭരണിക്കാവിൽ 66 കെ.വി. ലൈൻ മാറ്റി സ്ഥാപിക്കാൻ നടപടി

968 [1557] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തൂർ താലൂക്കിൽ ഭരണിക്കാവിൽനിന്നുള്ള 66 കെ.വി. ലൈൻ പൈപ്പ് റോഡ് വഴി മാറ്റി സ്ഥാപിക്കണമെന്ന ഭൂർത്ഥിച്ചുകൊണ്ട് 20-3-1978 ൽ നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രീ. ഉമ്മൻ വൈദ്യനും മറ്റ് 89 പേരും ചേർന്ന് സമർപ്പിച്ച ഒരു നിവേദനം വിദ്യുച്ഛക്തി ബോർഡിന് ലഭിച്ചിട്ടുണ്ട്.

(ബി) ആ നിവേദനത്തെപ്പറ്റി വിശദമായ അന്വേഷണം നടത്തിയപ്പോൾ പരാതിക്കാർ ആവശ്യപ്പെട്ടിരിക്കുന്ന രീതിയിൽ ലൈൻ മാറ്റുന്നത് പ്രായോഗികമായി സാദ്ധ്യമല്ലെന്ന് കണ്ടതിനാൽ ആ വിവരം പരാതിക്കാരെ അറിയിച്ചു കഴിഞ്ഞിട്ടുണ്ട്.

ഡ്യൂപ്ലിക്കേറ്റിംഗ് ഓപ്പറേറ്റർമാർ

969 [1558] ശ്രീ. കല്ലട നാരായണൻ:

" എൻ. ഭാസ്കരൻനായർ:

ശ്രീമതി ഭാർഗവി തങ്കപ്പൻ:

ശ്രീ. എസ്. തങ്കപ്പൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെൻറ് സെക്രട്ടേറിയറ്റിൽ ഇന്ന് ഡ്യൂപ്ലിക്കേറ്റിംഗ് ഓപ്പറേറ്റർമാരായി എത്രപേർ ജോലിനോക്കി വരുന്നുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മുൻപ് അവർക്ക് നൽകിയിരുന്ന ശമ്പള സ്കെയിലും ഗ്രേഡും മറ്റാനുകൂല്യങ്ങളും പുതിയ ശമ്പള കമ്മീഷൻ റിപ്പോർട്ട് വന്നതിനുശേഷം ലഭിക്കുന്നില്ല എന്നുള്ള പരാതി ഗവൺമെന്റിനു കിട്ടിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ നേരത്തെ കിട്ടിയിരുന്ന ആനുകൂല്യങ്ങളും അവർക്ക് ലഭിക്കുന്നതിനുവേണ്ടി ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പതിനാറ്.

(ബി) ഉണ്ട്.

(സി) ഡ്യൂപ്ലിക്കേറ്റിംഗ് ഓപ്പറേറ്റർമാർ നൽകിയ മെമ്മോറാണ്ടത്തിലെ ആവശ്യങ്ങളും വിശദമായ പരിശോധനയ്ക്കു ശേഷം ഗവൺമെന്റ് നിരാകരിക്കുകയുണ്ടായി.

സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം ലഭിച്ചവരുടെ പ്രൊമോഷൻ

970 [1560] ശ്രീ. പി.കെ. ചാത്തൻ മാസ്റ്റർ:

,, കല്ലട നാരായണൻ:

,, എം.കെ. കേശവൻ:

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനിമൽ ഹസ്ബൻട്രി, സ്റ്റേഷനറി, കോ-ഓപ്പറേറ്റീവ് മുതലായ ഡിപ്പാർട്ടുമെന്റുകളിലെ സ്പെഷ്യൽ റൂംസ് അനുസരിച്ച് ബന്ധപ്പെട്ട വകുപ്പുകളിൽ ഒരു നിശ്ചിതകാലയളവ് എക്സ്പീരിയൻസ് ഉണ്ടെങ്കിൽമാത്രമേ ചില പോസ്റ്റുകളിലേക്കു പ്രൊമോഷൻ ലഭിക്കുകയുള്ളുവെന്ന് നിബന്ധനയുണ്ടോ; ഈ റൂളുകളും ഓരോന്നും നിലവിൽ വന്നത് എന്നുമുതലാണ്; ടി റൂംസിന്റെ ഓരോ കോപ്പി മേശപ്പുറത്തു വയ്ക്കുമോ;

(ബി) സ്പെഷ്യൽ റൂംസിലെ ഇത്തരം വകുപ്പുകളും സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം ലഭിച്ചവരുടെ പ്രൊമോഷനെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്നുള്ള വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ഈ സ്പെഷ്യൽ റൂംസിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ടവകുപ്പിൽ നിശ്ചിതകാലയളവ് എക്സ്പീരിയൻസ് ഇല്ലെന്നുള്ള കാരണത്താൽ ടി കാലത്തിനുള്ളിൽ പ്രമോഷൻ വന്നപ്പോഴേ സീനിയറായിട്ടുള്ള പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട ആർക്കെങ്കിലും പ്രമോഷൻ നിഷേധിക്കുകയും അവരുടെ ജൂനിയറായിട്ടുള്ളവരെ പ്രമോട്ട് ചെയ്യപ്പെടുകയും ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെയെല്ലാം;

(ഡി) സ്പെഷ്യൽ റൂംസ് ഉണ്ടാക്കിയ കാലത്ത് പിന്നീട് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടക്കുമ്പോഴേ ഇങ്ങനെയൊരു അപാകത

LIBRARY ARCHIVES Kerala Legislative Assembly